ക്ലാസ്സ്:4

# മലയാളം

## യൂണിറ്റ് 1-അമൃതം

10

1. കൃഷ്ണഗാഥയുടെ മറ്റൊരു പേര് എന്ത്?

2. ഒ.എൻ.വി യുടെ മുഴുവൻ പേര് എന്ത്?

3. ശരിയായ പദമേത് ?
   അഞ്ജിതം ,അഞ്ചിതം ,അജ്ഞിതം.

4. പ്രാചീന കവിത്രയങ്ങൾ എന്നറിയപ്പെടുന്നത്

5. കൈതവം എന്ന പദത്തിന്റെ അർഥം

6. കൂട്ടത്തിൽ പെടാത്തത് ഏത്?
   ചന്ദ്രിക , കൗമുദി , തിങ്കൾ , ജ്യോത്സ്ന

7. "ഒരു പീഡയെറുമ്പിനും വരു-
   ത്തരുതെന്നുള്ളനുകമ്പയും സദാ" -ആരുടെ വരികൾ? ഏത് കൃതിയിൽ നിന്ന്?

8. 2007 ലെ ജ്ഞാനപീഠപുരസ്കാരം ലഭിച്ച മലയാള കവി

9. മുഖം എന്നർത്ഥം വരുന്ന പദം ഏത് ?
   പാണി, വദനം, ബാഹു, കരം

10. നാടൻപദങ്ങൾ ധാരാളം ഉപയോഗിച്ചുള്ള രചന , താരാട്ടു പാട്ടിന്റെ ഈണം ,ഭാഗവതത്തിൽ നിന്നെടുത്ത കഥ -ഈ വിശേഷണങ്ങൾ ഏത് സാഹിത്യ കൃതിക്കാണ് കൂടുതൽ യോജിക്കുക?

    പൂതപ്പാട്ട്, ജ്ഞാനപ്പാന , കൃഷ്ണഗാഥ ,ചണ്ഡാലഭിക്ഷുകി

## ശരിയായത് യോജിപ്പിച്ചെഴുതുക 5

ചെറുശ്ശേരി - വളപ്പൊട്ടുകൾ
ഇടശ്ശേരി - സാഹിത്യ മഞ്ജരി
ഒ.എൻ .വി - മഞ്ഞപ്പാവാട
വള്ളത്തോൾ - കൃഷ്ണഗാഥ
കെ .ശ്രീകുമാർ - പൂതപ്പാട്ട്

### ഉത്തരമെഴുതുക

1. ലൈലയെയും ,കുട്ടനെയും അമ്മ പഠിപ്പിച്ച പാഠം എന്തായിരുന്നു? 1
2. കുടയില്ലാത്തവർ എന്ന കവിതയിലെ 'അനിയനല്ലാത്തൊരനിയനെയും' എന്ന വരിയിലെ പ്രയോഗഭംഗി വിശദമാക്കുക 2
3. വെണ്ണിലാവോലുന്ന തിങ്കൾ പോലെ കണ്ണന്റെ മുഖം തിളങ്ങാൻ കാരണമെന്ത് ? 2

## ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക . 5

താഴെ കൊടുത്തിരിക്കുന്ന സൂചനകളിൽ നിന്നും വ്യക്തിയെ തിരിച്ചറിഞ്ഞ് കൂടുതൽ വിവരങ്ങൾ കൂട്ടിച്ചേർത്ത് ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

- മലയാളത്തിലെ പ്രശസ്ത കവി
- ജനനം: 27 മെയ് 1931, മരണം: 13 ഫെബ്രുവരി 2016
- നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും നൃത്തശിൽപങ്ങൾക്കും ഗാനങ്ങൾ രചിച്ചിട്ടുണ്ട്.
- *മയിൽപ്പീലി ,അക്ഷരം ,ഭൂമിക്ക് ഒരു ചരമഗീതം മൃഗയ ,ഉപ്പ് ,ഭൈരവന്റെ തുടി ,കറുത്ത പക്ഷിയുടെ പാട്ട് ,ഞാൻ അഗ്നി തുടങ്ങിയവ പ്രധാന കൃതികൾ*